പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 435 15-11-2019-ന് മറുപടിയ്ക്ക്

## പ്രത്യേക കാർഷിക മേഖലകൾ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി. ഇ. എസ്.ബിജിമോൾ
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. മുഹമ്മദ് മുഹസിൻ പി

**ഉത്തരം**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>സംസ്ഥാനത്ത് പ്രത്യേക കാർഷിക മേഖലകൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്താമോ;</td><td>(എ)</td><td colspan="2">ഉണ്ട്.</td></tr>
<tr><td rowspan="7">(ബി)</td><td rowspan="7">ഏതൊക്കെ വിളകൾക്കാണ് പ്രത്യേക കാർഷിക മേഖലകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;</td><td rowspan="7">(ബി)</td><td colspan="2">നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. 5 വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്. ഇവ താഴെ പറയും പ്രകാരമാണ്.</td></tr>
<tr><td>നെല്ല്(7)</td><td>കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്.</td></tr>
<tr><td>പച്ചക്കറി (4)</td><td>ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-നെന്മാറ</td></tr>
<tr><td>വാഴ (1)</td><td>തൃശൂർ</td></tr>
<tr><td>പൂക്കൾ (1)</td><td>വയനാട്</td></tr>
<tr><td>തെങ്ങ് (1)</td><td>കോഴിക്കോട്</td></tr>
<tr><td colspan="2">കൂടാതെ അട്ടപ്പാടി മേഖലയിൽ ട്രൈബൽ കൃഷിക്കായി പ്രത്യേക കാർഷിക മേഖലയും രൂപീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുത്തത് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td colspan="2">അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1 - 5 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉത്പാദനക്ഷമത, മണ്ണിന്റേയും കാലാവസ്ഥയുടേയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കിയാണ് പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുക്കുന്നത്. ഓരോ വിളയുടെയും കൃഷിയ്ക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉത്പാദനം ഉണ്ടാക്കുവാൻ</td></tr>
</table>

| | | | |
|---|---|---|---|
| | | | സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | ചെറു ധാന്യങ്ങളുടെ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ട്രൈബൽ അഗ്രികൾച്ചറിനായി പ്രത്യേക കാർഷിക മേഖല രൂപികരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | ഉണ്ട്. പാലക്കാട് ജില്ലയിൽ അട്ടപ്പാടി മേഖല കേന്ദ്രീകരിച്ചാണ് ട്രൈബൽ അഗ്രികൾച്ചറിനായി പ്രത്യേക കാർഷിക മേഖല രൂപീകരിച്ചിട്ടുള്ളത്. ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ആദിവാസി സമൂഹത്തിൽ നിലനിൽക്കുന്ന പോഷകാഹാര കുറവിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇതുവഴി ഉദ്ദേശിക്കുന്നു. |
| (ഇ) | തെങ്ങ് കൃഷി സംബന്ധിച്ച പ്രത്യേക കാർഷിക മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ? | | തെങ്ങ് കൃഷി സംബന്ധിച്ച പ്രത്യേക കാർഷിക മേഖലയായി തിരഞ്ഞെടുത്തിരിക്കുന്നത് കോഴിക്കോട് ജില്ലയെയാണ്. പ്രത്യേക കാർഷിക മേഖല വികസന പദ്ധതി വിഹിതം ഉപയോഗിച്ച് കാർഷിക കർമ്മസേനകൾക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുകയും ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ രോഗ കീട നിയന്ത്രണ പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാളികേര വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി, കുറിയയിനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹനം തുടങ്ങിയ പദ്ധതികൾ ഈ ജില്ലയിൽ കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കുന്നു. |

Raina V

**സെക്ഷൻ ഓഫീസർ**